കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്

AGRI INFRASTRUCTURE FUND

# കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (AIF)

## എന്തുകൊണ്ട് AIF

കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തി പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതി ആണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനു സഹായകരമാകുന്നു. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറക്കാൻ ഈ പദ്ധതി സഹായകമാകുന്നു.

## പദ്ധതിയുടെ സവിശേഷതകൾ:

പദ്ധതിയുടെ കാലാവധി 13 വർഷമാണ് (2020-21 മുതൽ 2032-33 വരെ).

1. **ധനവിനിയോഗ പരിധി**

   1 ലക്ഷം കോടി രൂപ ദേശീയ തലത്തിലും 2520 കോടി രൂപ സംസ്ഥാന തലത്തിലും (കേരളം ) അനുവദിച്ചിരിക്കുന്നു.

2. **പലിശ ഇളവ്**

   2 കോടി രൂപ വരെ 3 % പലിശ ഇളവ് ലഭിക്കുന്നതാണ്.

3. **ക്രെഡിറ്റ് ഗ്യാരണ്ടി**

   2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെൻറ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നു.

4. **കാലാവധി**

   2 വർഷം മൊറട്ടോറിയം ഉൾപ്പടെ 7 വർഷം.

5. **സംയോജിത പദ്ധതികൾ**

   കേന്ദ്ര -സംസഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്.

## വായ്പാ ലഭ്യതാ സൗകര്യം

- വായ്പ നൽകുന്ന സ്ഥാപനങ്ങൾ - വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, NBFC-കൾ, NCDC, കേരള ബാങ്ക്.
- കേന്ദ്ര സർക്കാർ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഓൺലൈൻ അപേക്ഷ പോർട്ടൽ വഴി അതിവേഗതയിൽ വായ്പ്പാ ലഭ്യമാക്കുന്നു.

## AIF വായ്പാ അപേക്ഷാ പ്രക്രിയ

1. https://agriinfra.dac.gov.in/ എന്ന പോർട്ടലിലേക്ക് പോകുക.
2. അപേക്ഷകൻ Beneficiary ഓപ്ഷനിൽ രെജിസ്ട്രേഷൻ ക്ലിക്ക് ചെയ്തതിനുശേഷം OTP നൽകി രജിസ്റ്റർ ചെയുക.
3. അപക്ഷകന്റെ ID & Password ഉപയോഗിച്ച് DPR, മറ്റു വിവരങ്ങളും നൽകി submit ചെയുക.
4. AIF ടീം അപേക്ഷ പരിശോധിച്ച് വിലയിരുത്തലിനായി ബാങ്ക് ശാഖയിലേക്ക് മാറ്റുന്നു.
5. സമർപ്പിച്ച അപേക്ഷകൾ ബാങ്ക് പ്രതിനിധികൾ പരിശോധിക്കുന്നതാണ്
4. ബാങ്ക് പരിശോധിച്ചതിനു ശേഷം ക്രെഡിറ്റ് ഗ്യാരണ്ടിയോടു കൂടി, CGTMSE-ൽ രജിസ്റ്റർ ചെയ്ത് & അനുവദിച്ചത്; ഷെഡ്യൂൾ പ്രകാരം വായ്പകൾ വിതരണം ചെയ്യുന്നതാണ്.
5. ഓരോ ഘട്ടത്തിലും വായ്പ വിവരങ്ങൾ അപേക്ഷകന് സന്ദേശമായി ലഭിക്കുന്നു.

## ഗുണഭോക്താക്കൾ

- കർഷകർ
- കർഷക സംഘങ്ങൾ (FPO’s, FPO കൂട്ടായിമകൾ, JLG, SHG, എസ്എച്ച്ജി കൂട്ടായ്മകൾ)
- കാർഷിക സംരംഭങ്ങൾ
- മറ്റു സഹകരണ സ്ഥാപനങ്ങൾ (മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാഷണൽ ഫെഡറേഷൻസ് ഓഫ് കോഓപ്പറേറ്റീവ്സ്, പ്രാഥമിക കാർഷിക സഹകരണ സംഘം (PACS))
- സമൂഹ കൃഷി - ജൈവവള ഉൽപ്പാദനം, സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവ ഉത്തേജന ഉല്പാദന യൂണിറ്റ് കേന്ദ്ര/സംസ്ഥാന/പ്രാദേശിക ഗവൺമെന്റുകൾ പ്രോത്സാഹിപ്പിക്കുന്ന PPP പദ്ധതികളും അവരുടെ ഏജൻസികൾ, വിതരണ ശൃംഖല കളുടെ അടിസ്ഥാന സൗകര്യം- കയറ്റുമതി സംഘങ്ങൾ മുതലായവ.

## യോഗ്യമായ പദ്ധതികൾ

- സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ
- ജൈവ ഉത്തേജന ഉല്പാദന യൂണിറ്റ് (വിത്തുല്പാദനം, ടിഷ്യു കൽച്ചർ നേഴ്സറി)
- ജൈവവള ഉൽപ്പാദനം
- വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം
- പാക്ക്ഹൗസ്
- കാർഷിക പ്രാഥമിക പ്രവർത്തനങ്ങൾ (വൃത്തിയാക്കൽ, ഉണക്കൽ, തരംതിരിക്കൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ)

- സംഭരണ കേന്ദ്രങ്ങൾ (വെയർഹൗസ്, സിലോസ്, കോൾഡ് സ്റ്റോറേജ്)
- ഇ-മാർക്കറ്റിംഗ് സൗകര്യമുള്ള വിതരണ ശൃംഖല
- യോഗ്യതയുള്ള ഇൻഫ്രാസ്ട്രക്ച്ചർ പ്രൊജെക്ടുകളിൽ സോളാർ പാനൽ നിർമ്മാണം
- റൈസ് & ഫ്ലോർ മിൽ
- ഓയിൽ മിൽ
- സുഗന്ധവ്യഞ്ജനങ്ങൾ പൊടിക്കുന്നത്
- ശർക്കര / പഞ്ചസാര സംസ്കരണം.

## യോഗ്യമായ വിളകൾ

◯ ധാന്യങ്ങൾ (ഗോതമ്പ്, നെല്ല്, മുതലായവ) ◯ പഴങ്ങളും പച്ചക്കറികളും ◯ ഓയിൽ സീഡ്സ് പയറുവർഗ്ഗങ്ങൾ ◯ കരിമ്പ് ◯ കോകോ ◯ കാപ്പി ◯ കശുവണ്ടി ◯ മുരിങ്ങ ◯ തേയില ◯ റബ്ബർ ◯ ഔഷധ വിളകൾ

## വിളകൾക്ക് യോഗ്യമായ പ്രവർത്തനം

വൃത്തിയാക്കൽ, കല്ല് നീക്കം ചെയ്യൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കുക, പ്രാഥമിക സംസ്കരണത്തിനായി തോടുനീക്കുക, വാക്സിംഗ്, കണ്ടിഷനിംഗ്, പൊടിക്കൽ, കുതിർക്കൽ, പതംവരുത്തൽ, അരിച്ചെടുക്കൽ, ഉണക്കൽ, ഇറേഡിയേഷൻ, എണ്ണ, ഉൽപാദന ഉപകരണങ്ങൾ, ബാഷ്പീകരണ യന്ത്രങ്ങൾ, സെൻട്രിഫ്യൂഗേഷൻ ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ, ഉണക്കാനുള്ള യന്ത്രങ്ങൾ, പാക്കേജിങ്, സംഭരണ ടാങ്കുകൾ മുതലായവ.

### കൂടുതൽ വിവരങ്ങൾക്കു ബന്ധപെടുക...

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം - 91 6235277042
ഇടുക്കി, എറണാകുളം - 91 7010994083
തൃശ്ശൂർ, പാലക്കാട്, മലപ്പുറം - 91 8075480273
വയനാട്, കോഴിക്കോട് - 91 8921785327
കണ്ണൂർ, കാസർകോഡ് - 91 8547565214